# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2247

11-02-2020 ൽ മറുപടിയ്ക്ക്

## വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനുള്ള പാറയുടെ ലഭ്യത

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീ. വി. എസ്. ശിവകുമാർ : | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണ പദ്ധതിയുടെ ഭാഗമായുള്ള പുലിമുട്ടിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണ്; ഇതിനായുള്ള പാറ എവിടെനിന്നും കൊണ്ടുവരുവാനാണ് അനുമതി നൽകിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;<br>(ബി) പാറ ലഭ്യമാക്കാൻ സംസ്ഥാനത്ത് ഏതൊക്കെ സ്ഥലങ്ങളിൽ ക്വാറികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ? | (എ) യും (ബി) യും | 3100 മീറ്റർ നീളമുള്ള പുലിമുട്ടിന്റെ നിർമ്മാണം 600 മീറ്റർ പൂർത്തിയായിട്ടുണ്ട്. കൺസഷൻ കരാർ പ്രകാരം തുറമുഖ നിർമ്മാണത്തിനാവശ്യമായ പാറ സംഭരിക്കുന്നതിനുള്ള ഉത്തരവാദിത്തം കരാർ കമ്പനിക്കാണ്. കൊല്ലം, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിലായി അദാനി കമ്പനി നേരിട്ടും സ്വകാര്യ പങ്കാളികളുമായി ചേർന്നും 20 ക്വാറികൾക്ക് അനുമതി തേടിയിട്ടുണ്ട്. ഇതിൽ നഗരൂർ വില്ലേജിലെ കടവിള ക്വാറി എല്ലാ അനുമതികളും ലഭിച്ച് നിലവിൽ പ്രവർത്തിച്ചുവരുന്നു. മറ്റ് രണ്ട് ക്വാറികൾക്ക് പരിസ്ഥിതികാനുമതി ലഭിച്ചിട്ടുണ്ട്. മറ്റുള്ളവയ്ക്ക് അനുമതി നേടുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. തമിഴ്നാട്ടിൽ നിന്നും പാറ കൊണ്ടുവരുന്നതിനും കരാർ കമ്പനി ശ്രമം നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ